പ്രതിദിനം 750 കിലോഗ്രാം നൂൽ ഈ സ്ഥാപനത്തിൽ സംസ്ക്കരിക്കാവുന്നതാണ്. കോഴിക്കോട് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയിൽ താഴെ പറയുന്ന യന്ത്രസാമഗ്രികൾ ലഭ്യമാണ്.

കഴിനൂൽ-കോൺനൂൽ വൈൻഡിംഗ് മെഷീൻ - 1

കോൺനൂൽ-കോൺനൂൽ വൈൻഡിംഗ് മെഷീൻ - 1

പേണ് വൈൻഡിംഗ് മെഷീൻ - 2

ആട്ടോമാറ്റിക് വാർപ്പ് ഡൈയിംഗ് മെഷീൻ - 1

സെക്ഷണൽ വാർപ്പിംഗ് മെഷീൻ - 2

(ഇ) ഹാന്റക്സിന്റെ കീഴിൽ തിരുവനന്തപുരത്തും ഹാൻവീവിനു കീഴിൽ കണ്ണൂരും ഇത്തരം സംസ്ക്കരണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം ഉണ്ട്.

(എഫ്) സംസ്ഥാനത്തെ ഫാക്ടറി ടൈപ്പ് കൈത്തറി സംഘങ്ങളിൽ മിനി പ്രീലും പ്രോസസ്സിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ഓഹരി പങ്കാളിത്തം നൽകി സർക്കാർ ധനസഹായം നൽകുന്നുണ്ട്. 77 പ്രാഥമിക സംഘങ്ങൾക്ക് ഇതിനകം ധനസഹായം നൽകിക്കഴിഞ്ഞു. കൂടാതെ ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതി തുടരുകയാണ്.

ഖാദി വസ്ത്രങ്ങളുടെ പ്രചരണം

156 (6328) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ഖാദി വസ്ത്രങ്ങൾക്ക് നൽകിയിരുന്ന റിബേറ്റ് പിൻവലിച്ചതുമൂലം സംസ്ഥാനത്ത് ഖാദിവസ്ത്ര വിൽപനയിൽ കുറവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവ് വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഖാദി വസ്ത്രങ്ങളുടെ പ്രചരണത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഏകദേശം 40% കുറവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ബി) 1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ പില്ലറ വില്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും

LIBRARY ARCHIVES Kerala Legislative Assembly

2008-09-ൽ 500 ലക്ഷം രൂപയും 2009-10 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ അനുവദിച്ചു. 2010-11 വർഷം 550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നിലവിൽ, സംസ്ഥാന സർക്കാർ നൽകി വരുന്ന 10% റിബേറ്റിന് പുറമെ ഉത്സവകാലങ്ങളിൽ ഖാദി തുണിത്തരങ്ങളുടെ വില്പനയ്ക്ക് 10% റിബേറ്റ് കൂടി സർക്കാർ ഉത്തരവ് G.O. (Rt) No.1058/2010/ ID dated 22-7-2010 പ്രകാരം അനുവദിച്ചു. ഇതിനുവേണ്ടി 2010-11 വർഷം 525 ലക്ഷം രൂപ കൂടി വകയിരുത്തി. ഇതുമൂലം ഖാദി മേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്.

2. കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരോടും മറ്റ് ജനവിഭാഗങ്ങളോടും വാരാന്ത്യങ്ങളിലെങ്കിലും ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നും അഭ്യർത്ഥിച്ചു. ഈ സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20 ശതമാനത്തോളം വർദ്ധനവുണ്ടായി.

3. ഖാദി വില്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09-ൽ 50 ലക്ഷം രൂപയും 2009-10 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. അതുപോലെ പ്രധാന വില്പന കേന്ദ്രങ്ങൾ എയർ കണ്ടീഷൻ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്ത് തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

5. നെയ്ത്ത് മേഖല ശക്തിപ്പെടുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

6. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/silver വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു.

7. ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ, പുതിയ തരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

9. ഖാദി വസ്ത്രങ്ങളുടെ വിപണനം വർദ്ധിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് നെടുമ്പാശ്ശേരി അന്താരാഷ്ട്ര എയർപോർട്ടിൽ പുതിയ ഒരു ഖാദി ഗ്രാമ സൗഭാഗ്യ തുടങ്ങുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

10. ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങൾക്ക് UAE-ൽ ഉള്ള വിതരണാവകാശം ദുബായിലെ Saeed Bin Obaid & Sons Group of Cos എന്ന കമ്പനിയ്ക്ക് നൽകാനുള്ള സമ്മത പത്രം ഒപ്പുവയ്ക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ടെക്സ്റ്റൈൽ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

157 (6329) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കിയ പുതിയ പാക്കേജിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ;

(ബി) ഈ പാക്കേജിനായി എൻ. സി. ഡി. സി. യിൽ നിന്നും എന്തു തുക ധനസഹായമായി ലഭിച്ചു ;

(സി) എന്തൊക്കെ പുനരുദ്ധാരണ പദ്ധതികളാണ് എൻ. സി. ഡി. സി. യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയിൽ എന്തൊക്കെ പദ്ധതികൾക്ക് അനുമതി ലഭിച്ചു ; ഇനിയും അനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ് ;

(ഇ) ഈ പദ്ധതിയുടെ അനുമതി നേടാനായി സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) ഈ പാക്കേജിന്റെ നടത്തിപ്പിനായി ഇതുവരെ സർക്കാർ വിഹിതമായി എന്തു തുക ചെലവഴിച്ചു ;

(ജി) ഈ വർഷം ഈ പാക്കേജിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ടെക്സ്റ്റൈൽസിന്റെ കീഴിലുള്ള കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി താഴെ പറയുന്ന അടങ്കൽ തുക വരുന്ന പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ - 13 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly